**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2108** **04.11.2019-ൽ മറുപടിക്ക്**

**<u>ദേശീയപാതയിലെ അപകടങ്ങളിലെ മരണനിരക്ക് കുറയ്ക്കുന്നതിന് പദ്ധതി</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. സ്വരാജ്** | **കെ.കെ. ശൈലജ ടീച്ചർ**<br>( ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയപാതയിലെ അപകടങ്ങളിലെ മരണനിരക്ക് കുറയ്ക്കുന്നതിന് സഹായകമായ നിലയിൽ എന്തെല്ലാം പദ്ധതികൾ ആരോഗ്യവകുപ്പ് മുഖേന നടപ്പിലാക്കി എന്ന് അറിയിക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ദേശീയ പാതകളിലെ ഉൾപ്പെടെ റോഡ് അപകടങ്ങളിൽ ഉണ്ടാകുന്ന മരണനിരക്ക് കുറയ്ക്കുവാനായി കനിവ് 108 എന്ന പേരിൽ എമർജൻസി ആംബുലൻസ് സംവിധാനം ഏർപ്പെടുത്തി. 315 ആംബുലൻസുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br>എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും അത്യാഹിത വിഭാഗത്തിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ ട്രോമാകെയർ-നാഷണൽ ഹൈവേസ് എന്ന പദ്ധതി പ്രകാരമുള്ള ട്രോമാകെയർ സംവിധാനം സംബന്ധിച്ചുള്ള ജോലികൾ പൂർത്തികരിച്ചു വരുന്നു. തിരുവനന്തപുരം, കോഴിക്കോട് എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ ട്രോമാകെയർ-നാഷണൽ ഹൈവേസ് എന്ന പദ്ധതി പ്രകാരമുള്ള ട്രോമാകെയർ സംവിധാനം സംബന്ധിച്ചുള്ള ജോലികൾ ആരംഭിച്ചിട്ടുണ്ട്. ഇത് കൂടാതെ KSTP മുഖേന Safe Corridor പദ്ധതി പ്രകാരം എം.സി റോഡിലെ അടൂർ-കഴക്കൂട്ടം റോഡിൽ ജനറൽ ആശുപത്രി അടൂർ, താലൂക്ക് ആശുപത്രി കൊട്ടാരക്കര, പ്രാഥമികാരോഗ്യകേന്ദ്രം വാമനപുരം. സാമൂഹ്യാരോഗ്യകേന്ദ്രം കന്യാകുളങ്ങര എന്നീ സ്ഥാപനങ്ങളിൽ 7.44 കോടി രൂപയുടെ ഉപകരണങ്ങൾക്കും രണ്ട് ആംബുലൻസുകൾക്കും അനുമതി ലഭ്യമായിട്ടുണ്ട്. |
| (ബി) | കനിവ് ആംബുലൻസുകളുടെ സേവനങ്ങളുടെ വിശദാംശം അറിയിക്കുമോ; | (ബി) | സംസ്ഥാനത്താകമാനം അപകടങ്ങളിൽപെടുന്ന ഏതൊരു വ്യക്തിയേയും സമയബന്ധിതമായി പ്രഥമ ശുശ്രൂഷകൾക്ക് ശേഷം അടിയന്തിര ചികിത്സ ലഭിക്കുന്നതിന് ആശുപത്രികളിൽ എത്തിക്കുക എന്നുള്ളതും റോഡപകടങ്ങളിൽപെടുന്നവർക്ക് ആദ്യത്തെ 48 മണിക്കൂറിൽ സൗജന്യ ചികിത്സ ലഭ്യമാക്കുക എന്നുള്ളതും കേരള സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഒന്നാണ്. |

| | | | |
|---|---|---|---|
| | | | ആവശ്യത്തിനായി സംസ്ഥാനത്തൊട്ടാകെ അത്യാധുനിക സൗജന്യ ആംബുലൻസുകളുടെ ശൃംഖല ഒരുക്കുവാനാണ് കനിവ് 108 എന്ന പദ്ധതി വഴി വിഭാവനം ചെയ്യുന്നത്. 108 എന്ന ടോൾഫ്രീ നമ്പർ വഴിയോ മൊബൈൽ ആപ്ലിക്കേഷൻ വഴിയോ കേന്ദ്രീകൃത കോൾ സെന്ററിന്റെ സഹായത്തോടെ സൗജന്യ ആംബുലൻസ് സേവനം പ്രാപ്യമാക്കുന്ന തരത്തിലാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിരിക്കുന്നത്. കനിവ് 108 എന്ന പേരിൽ സംസ്ഥാനത്തൊട്ടാകെ നടപ്പിൽ വരുത്തുന്ന ആംബുലൻസ് ശൃംഖലയിൽ അത്യാധുനിക ജീവൻരക്ഷാ ഉപകരണങ്ങളും പരിശീലനം സിദ്ധിച്ച സാങ്കേതിക വിദഗ്ധരും അടങ്ങിയ 315 ആംബുലൻസുകളുടെ സേവനമാണ് വിഭാവനം ചെയ്തിരിക്കുന്നത്.<br>ഈ വാഹനങ്ങൾ എല്ലാം തന്നെ ജി.പി.എസ്. സംവിധാനം ഘടിപ്പിച്ചവയാണ്. തിരുവനന്തപുരം ടെക്നോപാർക്കിലുള്ള കേന്ദ്രീകൃത കോൾ സെന്റർമുഖേനയാണ് പ്രസ്തുത വാഹനങ്ങളെ നിയന്ത്രിക്കുന്നത്. പരിശീലനം ലഭിച്ച എമർജൻസി റെസ്പോൺസ് ഓഫീസർമാർ ഈ സേവനം ആവശ്യപ്പെടുന്ന വ്യക്തിയിൽ നിന്ന് സ്ഥലവും അപകടത്തിന്റെ വിശദാംശവും മനസ്സിലാക്കി ജി.പി.എസ് സംവിധാനത്തിന്റെ സഹായത്തോടുകൂടി ഏറ്റവും അടുത്തുള്ള ആംബുലൻസിനെ ആവശ്യക്കാരന്റെ അടുത്ത് എത്തിച്ച് പരിശോധനയ്ക്ക് ശേഷം വേണ്ട ചികിത്സ കിട്ടുന്ന ആശുപത്രി തിരഞ്ഞെടുത്ത് എത്രയും പെട്ടെന്ന് എത്തിക്കുക എന്നുള്ളതാണ് അടിസ്ഥാനപരമായി ഈ സർവീസ് കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ വാഹനങ്ങളുടെ പ്രവർത്തനം 2 ആയി തരം തിരിക്കുന്നു. 24 മണിക്കൂർ പ്രവർത്തനം നടത്തുന്ന ആംബുലൻസുകളും രാവിലെ 8 മുതൽ രാത്രി 8 വരെ സർവ്വീസ് നടത്തുന്ന ആംബുലൻസുകളും. പകൽ സമയങ്ങളിൽ എല്ലാ ആംബുലൻസുകളും സർവ്വീസ് നടത്തുന്നതായിരിക്കും. |
| (സി) | എത്ര ആംബുലൻസുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത് എന്ന് അറിയിക്കുമോ? | (സി) | 315 ആംബുലൻസുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആംബുലൻസുകളിൽ 150 എണ്ണം 24 മണിക്കൂർ സേവനം നടത്തുന്നതും 165 എണ്ണം, 12 മണിക്കൂർ സേവനം നടത്തുന്നതുമായിരിക്കും. |

**സെക്ഷൻ ഓഫീസർ**